2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന ദുരന്തനിവാരണ ഫണ്ട്

5 (*545) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി ജില്ലകൾക്ക് നൽകുന്ന സംസ്ഥാന ദുരന്തനിവാരണ ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ ;

(ബി) മുൻവർഷവും ഈ വർഷവും അനുവദിച്ച തുക താരതമ്യം ചെയ്യുമോ ;

(സി) പ്രസ്തുത ദുരന്ത നിവാരണ ഫണ്ട് എന്തെല്ലാം ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ജില്ലകൾക്ക് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്നും കാർഷിക വിള നാശത്തിനുള്ള തുക പൂർണ്ണായും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ഒഴിവാക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഇല്ല.

(ബി) സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 2014-15 സാമ്പത്തിക വർഷം ആകെ 239,08,00,753 (ഇരുന്നൂറ്റി മുപ്പത്തിയൊമ്പത് കോടി എട്ട് ലക്ഷത്തി എഴുന്നൂറ്റി അമ്പത്തിമൂന്ന്) രൂപ ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2014 ജൂലൈവരെ സംസ്ഥാനത്ത് 176,73,88,866 (നൂറ്റി എഴുപത്തിയാറ് കോടി എഴുപത്തിമൂന്ന് ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി അറുപത്തിയാറ്) രൂപ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഇതുവരെയായി ആകെ 59,95,96,947 (അമ്പത്തിഒമ്പതു കോടി തൊണ്ണൂറ്റി അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ്) രൂപ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതും 100% സംസ്ഥാന വിഹിതമായതുമായ 2 കോടി രൂപ 2014 ജൂലൈവരെ അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം ഈ ഇനത്തിൽ ഇതുവരെ 2,29,03,527 (രണ്ട് കോടി ഇരുപത്തിഒമ്പത് ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഏഴ്) രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനും തിരച്ചിൽ പ്രവർത്തനങ്ങൾക്കും ; ദുരന്തബാധിതർക്ക് ആഹാരം, വസ്ത്രം, വൈദ്യ സഹായം, താൽക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം പൊതുസ്ഥലത്തിൽ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും, വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും, പ്രകൃതിക്ഷോഭംമൂലം ഉണ്ടായ കൃഷിനാശത്തിനും, ഭവനനാശം, വളർത്തുമൃഗങ്ങൾക്കുണ്ടായ നഷ്ടങ്ങൾക്കും മത്സ്യമേഖലയിലെ നഷ്ടങ്ങൾക്കും, കരകൗശല/കൈത്തറി തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്കും ആശ്വാസ ധനസഹായം അനുവദിക്കുന്നതിനും റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് അർഹരായവർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനും വേണ്ടിയാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലാകളക്ടർമാർക്ക് ഫണ്ട് അനുവദിക്കുന്നത്. കൂടാതെ കടൽക്ഷോഭം, മിന്നൽ, ചുഴലിക്കാറ്റിനേക്കാൾ തീവ്രത കുറഞ്ഞ കാറ്റ് തുടങ്ങിയവ മൂലമുണ്ടായ നാശനഷ്ടങ്ങൾക്കും ഈ വർഷംമുതൽ ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. കേന്ദ്ര ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 20-05-2015 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 194/15/ഡിഎംഡി പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly